" ഭരണഭാഷ മാതൃഭാഷ "

**അഡീഷണൽ എക്സൈസ് കമ്മീഷണറുടെ (ഭരണം) നടപടിക്രമം, കേരളം, തിരുവനന്തപുരം.**

(സാന്നിദ്ധ്യം - ഡി.രാജീവ്, ഐ.ഓ.എഫ്.എസ്)

വിഷയം – എക്സൈസ് വകുപ്പ്- എക്സൈസ് ഭരണപരം - ആലപ്പുഴ ഡിവിഷനിലെ പ്രിവന്റീവ് ഓഫീസർമാരുടെ 01.01.2009 മുതൽ 19.08.2011 വരെയുള്ള കാലയളവിലെ സീനിയോരിറ്റി ലിസ്റ്റ് അന്തിമമായി പ്രസിദ്ധീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം – 1) ഉത്തരവ് നമ്പർ ഇ എക്സ് സി/1074/2016/എക്സ് ഡി 3-ALP തീയതി 19.10.2019.

2) 30.12.2020 ലെ 840/2020/നി.വ നമ്പർ സർക്കാർ ഉത്തരവ്.

3) ബഹു.അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിലെ 02.02.2022 തീയതിയിലെ OA-1293/2020 നമ്പർ അന്തിമ ഉത്തരവ്.

4) ആലപ്പുഴ ഡെപ്യൂട്ടി എക്സൈസ് കമ്മീഷണറുടെ 22.04.2022 തീയതിയിലെ EDO ALP /290/2022-A3 നമ്പർ കത്ത്.

5) ഉത്തരവ് നമ്പർ ഇ എക്സ് സി/1074/2016/എക്സ് ഡി 3- ALP തീയതി 29.04.2022

6) 05.05.2022 തീയതി രേഖപ്പെടുത്തിയ ശ്രീ. ബിനേഷ് പി -യുടെ പരാതി. (Annexure A4 in the OA 821/2022)

7) 06.05.2022 തീയതി രേഖപ്പെടുത്തിയ ശ്രീ. അരുൺ കുമാർ വി -യുടെ പരാതി. (Annexure A5 in the OA 821/2022)

8) 06.05.2022 തീയതി രേഖപ്പെടുത്തിയ ശ്രീ. സുനിൽകുമാർ ബി -യുടെ പരാതി. (Annexure A6 in the OA 821/2022)

9) ബഹു.അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിലെ 19.05.2022 തീയതിയിലെ OA-821/2022 നമ്പർ ഉത്തരവ്.

**ഉത്തരവ് നമ്പർ ഇ എക്സ് സി/1074/2016/എക്സ് ഡി 3- ALP തീയതി: 02.07.2022**

ആലപ്പുഴ ഡിവിഷനിലെ പ്രിവന്റീവ് ഓഫീസർമാരുടെ 01.01.2009 മുതൽ 19.08.2011 വരെയുള്ള കാലയളവിലെ സീനിയോരിറ്റി ലിസ്റ്റ് പരാമർശം 1 പ്രകാരം പ്രസിദ്ധീകരിച്ചിരുന്നു. പ്രസ്തുത ലിസ്റ്റിനെതിരെ ശ്രീ. പി ബിനേഷ് മുതൽ പേർ സർക്കാരിനെയും ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിനെയും സമീപിച്ചിരുന്നതും തുടർന്ന് പരാമർശം 2 പ്രകാരം സർക്കാർ KS&SSR ചട്ടം 27 പ്രകാരം സീനിയോരിറ്റി ലിസ്റ്റ് പുനഃക്രമീകരിക്കുന്നതിന് എക്സൈസ് കമ്മീഷണർക്ക് നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്. മേൽ നിർദേശത്തിന്റെ അടിസ്ഥാനത്തിൽ ടി കാലയളവിലെ പ്രിവന്റീവ് ഓഫീസർമാരുടെ സീനിയോരിറ്റി ലിസ്റ്റ് പുനക്രമീകരിച്ചു ലഭ്യമാക്കുവാൻ ആലപ്പുഴ ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർക്ക് നിർദേശം നൽകുകയും, പരാമർശം 4 പ്രകാരം ആലപ്പുഴ ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ പ്രിവന്റീവ് ഓഫീസർമാരുടെ കരട് ലിസ്റ്റ് ലഭ്യമാക്കുകയും തുടർന്ന് ബന്ധപ്പെട്ട രേഖകൾ പരിശോധിച്ച് ചട്ടപ്രകാരം സർക്കാർ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ പ്രൊവിഷണൽ സീനിയോരിറ്റി ലിസ്റ്റ് പരാമർശം 5 പ്രകാരം പ്രസിദ്ധീകരിച്ചിരുന്നു. ടി പ്രസിദ്ധീകരിച്ച സീനിയോരിറ്റി ലിസ്റ്റിൽ വകുപ്പുതല പരീക്ഷകൾ വിജയിച്ച വിവരം കൂടി ഉൾപ്പെടുത്തുവാൻ ബന്ധപ്പെട്ട രേഖകൾ സഹിതം അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർമാരായ ശ്രീ.പി സി ഗിരീഷ്, എൻ ബാബു എന്നിവർ

അപേക്ഷിക്കുകയും ആയതു ഉൾപ്പെടുത്തിയിട്ടുള്ളതുമാണ്. പ്രസ്തുത ലിസ്റ്റിനെതിരെ അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർ(ഗ്രേഡ്) മാരായ ശ്രീ. പി ബിനേഷ്, അരുൺ കുമാർ പ്രിവൻറിവ് ഓഫീസർ ആയ ശ്രീ. സുനിൽകുമാർ എന്നിവർ പരാതി സമർപ്പിക്കുകകയുണ്ടായി. പരാതി സമർപ്പിച്ചതിൽ ശ്രീ. സുനിൽകുമാർ ഹിയറിംഗിൽ പങ്കെടുത്തിട്ടില്ലാത്തതും, മറ്റ് പരാതിക്കാരെ 21.05.2022-ൽ നേരിൽ കേൾക്കുകയുണ്ടായി. ഇതോടൊപ്പം പരാതിക്കാരായ ശ്രീ. പി ബിനേഷ്, അരുൺ കുമാർ വി, സുനിൽകുമാർ ബി എന്നിവർ ടിയാന്മാരെ മേൽ കാലയളവിലെ സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെടുത്തണമെന്നാവശ്യപ്പെട്ടുകൊണ്ട് ബഹു.അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുൻപാകെ OA-821/2022 ഫയൽ ചെയ്യുകയും, പ്രസ്തുത OA-യിൽ 19.05.2022 ൽ താഴെ പറയും പ്രകാരം ഉത്തരവുണ്ടായി.

............" In so far as the objections are received and is under the active consideration of the 2nd respondent, the Original Application is disposed of, without going into the merits, directing the 2nd and 3rd respondent to dispose of Annexure A4 to A6 in accordance with law and without further delay and at any rate, within a period of two months from the date of hearing"........

ബഹു. KAT -യുടെ മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ടിയാന്മാർ സമർപ്പിച്ച പരാതി വിശദമായി പരിശോധിക്കുകയും ടിയാന്മാരെ നേരിൽ കേൾക്കുകയുമുണ്ടായി. പ്രസ്തുത അവസരത്തിൽ അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർ(ഗ്രേഡ്) മാരായ ശ്രീ. പി ബിനേഷ്, അരുൺ കുമാർ, എന്നിവർക്ക് 01.01.2009 മുതൽ 19.08.2011 വരെയുള്ള കാലയളവിൽ പ്രിവൻറിവ് ഓഫീസർമാരായി സ്ഥാനക്കയറ്റം ലഭിച്ചിട്ടുണ്ടെങ്കിലും ടിയാന്മാർ മേൽ പ്രോവിഷണൽ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല എന്നും, അതോടൊപ്പം 1993-2003, 2003-2008 കാലയളവിൽ occurrence of vacancy -കൾ ഒഴിവാക്കപ്പെട്ടിട്ടുണ്ടെന്നും ആയത് കൂടി പരിശോധിച്ച് നിലവിലെ ലിസ്റ്റിൽ ടിയാന്മാരെ കൂടി ഉൾപ്പെടുത്തി ടി പ്രൊവിഷണൽ ലിസ്റ്റ് പുനപരിശോധിക്കണമെന്ന് ആവശ്യപ്പെട്ടുകയുണ്ടായി.

ശ്രീ. പി ബിനേഷ്, ശ്രീ. അരുൺ കുമാർ വി, ശ്രീ. സുനിൽകുമാർ ബി എന്നിവർക്ക് 08.07.2011 തീയതിയിലാണ് പ്രിവൻറിവ് ഓഫീസർ തസ്തികയിൽ താൽക്കാലിക സ്ഥാനക്കയറ്റം ലഭിച്ചിട്ടുള്ളതായി കാണുന്നത്. KS&SSR ഭാഗം II, ചട്ടം 31(a)(i) പ്രകാരം ഒരു തസ്തികയിൽ താൽക്കാലിക ഉദ്യോഗക്കയറ്റം ലഭിച്ചയാൾക്ക്, താൽക്കാലിക ഉദ്യോഗക്കയറ്റം ലഭിച്ച തീയതി പ്രാബല്യം ഭാവിയിൽ പ്രസ്തുത തസ്തികയിലേക്ക് റഗുലർ ഉദ്യോഗക്കയറ്റം ലഭിക്കുന്ന വേളയിൽ അവകാശവാദുന്നയിക്കുവാൻ അർഹതയുണ്ടായിരിക്കുകയില്ലായെന്ന് പ്രസ്തുത ചട്ടത്തിന് താഴെയുള്ള ഉപചട്ടം (d) യിൽ വ്യക്തമാക്കിയിട്ടുണ്ട്. അതായത് എക്സൈസ് പ്രിവൻറിവ് ഓഫീസർ തസ്തികയിൽ കെ.എസ് ആന്റ് എസ് എസ് ആർ ഭാഗം II, ചട്ടം 31(a)(i) പ്രകാരം താൽക്കാലിക ഉദ്യോഗക്കയറ്റം ലഭിച്ച എക്സൈസ് ഗാർഡുമാരുടെ സീനിയോരിറ്റി, എക്സൈസ് പ്രിവൻറിവ് ഓഫീസർ തസ്തികയിൽ ടിയാളുകളുടെ പ്രമോഷൻ ഒഴിവുകളുടെ അടിസ്ഥാനത്തിൽ റഗുലറൈസ് ചെയ്യപ്പെട്ട തീയതി അടിസ്ഥാനമാക്കിയും എക്സൈസ് പ്രിവൻറിവ് ഓഫീസർ തസ്തികയിൽ നേരിട്ട് നിയമനം ലഭിച്ചയാളുടേത് കെ.എസ് ആന്റ് എസ് എസ് ആർ ഭാഗം II, ചട്ടം 27(c) പ്രകാരം പി.എസ്.സി അഡ്വൈസ് ചെയ്ത തീയതിയുടെ അടിസ്ഥാനത്തിലുമാണ് നിർണ്ണയിക്കേണ്ടത്. അതോടൊപ്പം മേൽ കാലയളവിൽ വിരമിക്കൽ/മരണം/സ്ഥാനക്കയറ്റം എന്നിവയിലൂടെ 24 occurrence of vacancy -കൾ ആണ് ഉണ്ടായിട്ടുള്ളത്. ആയതിനാൽ ലിസ്റ്റ് കാലയളവിൽ താൽക്കാലിക സ്ഥാനക്കയറ്റം